വോളിബോൾ , ബാസ്ക്കറ്റ്ബോൾ, ടേബിൾ ടെന്നീസ്, ലോൺ ടെന്നീസ് ജിംനേഷ്യം ക്ലബ്ബ് സൗകര്യങ്ങൾ, 200 പേർക്കുള്ള ഡോർമിറ്ററി കാർ പാർക്കിംഗ് എന്നിവയാണ് ഉൾപ്പെടുന്നത്. ഏകദേശം അമ്പത്തി ഒന്ന് കോടി രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി കണക്കാക്കുന്നത്. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

വെള്ളയമ്പലത്തെ സ്വിമ്മിംഗ് പൂളിന്റെ നവീകരണം പൂർത്തിയാക്കാൻ നടപടി

207 (2307) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വെള്ളയമ്പലത്തെ വാട്ടർ വർക്സ് സ്വിമ്മിംഗ് പൂളിന്റെ നവീകരണം പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) നവീകരണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സ്വിമ്മിംഗ്പൂളിന്റെ നിർമ്മാണ സ്ഥലത്ത് നിലവിലുള്ള ജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് താമസം നേരിട്ടതുമൂലമാണ്.

(ബി) പണി ആരംഭിച്ച് എട്ടു മാസത്തിനകം നവീകരണ പണികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനം

208 (2308) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരത്തെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഇന്നത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പരിഷ്കരണവും പുതിയ വാംഅപ്പ് കെട്ടിടത്തിന്റെ നിർമ്മാണവും 35% പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 2011 മാർച്ച് 31-ന് മുമ്പായി മുഴുവൻ പണികളും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly